പതിമൂന്നാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1917 — 17.03.2015 ൽ മറുപടിക്ക്

## നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപന തടയുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപനയും മദ്യമയക്കമരുന്ന് വിൽപനയും കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം വിശദമാക്കുമോ; | (എ) ജനമൈത്രി പോലീസ്, ജാഗ്രതാ സമിതികൾ, പി.ടി.എ., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, റസിഡൻസ് അസോസിയേഷൻ എന്നിവ മുഖാന്തിരം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. ഇത്തരം മയക്കമരുന്ന് മാഫിയകളെ സ്കൂൾ പരിസരങ്ങളിൽ കണ്ടെത്തിയാൽ രഹസ്യമായി വിവരം അറിയിക്കുവാൻ സ്കൂൾ തലത്തിൽ എസ്.പി.സി. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്.പി.ജി) സ്കൗട്ട് ആന്റ് ഗൈഡ്സ് എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രത്യേക അന്വേഷണത്തിനായി മഫ്റ്റിയിലും അല്ലാതെയും പോലീസിനെ നിയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ പിടികൂടാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകളും റെയ്ഡുകളും നടത്തി ലഹരി വസ്തുക്കളെയും വിൽപ്പന നടത്തുന്നവരെയും കണ്ടെത്തി കേസുകൾ എടുത്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ വിദ്യാർത്ഥികളെ മയക്കമരുന്നിനെതിരെ ജാഗ്രത പുലർത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് ആഭ്യന്തര, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടുകൂടി "ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് "എന്ന ഒരു |

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾക്കുപുറമേ സ്കൂൾ കോളേജ് പരിസരങ്ങളിലെ കടകളിലും മറ്റും പോലീസ് റെയ്ഡുകൾ നടത്തി പുകയില ഉൽപ്പന്നങ്ങളും പാൻ മസാലകളും മറ്റ് മയക്കുമരുന്ന ഉൽപ്പന്നങ്ങളും പിടിച്ചെടുക്കുകയും നിയമാനുസൃതമായ നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് കഞ്ചാവ്, മയക്കുമരുന്ന്, മറ്റ് നിരോധിത ഉൽപ്പന്നങ്ങൾ എന്നിവ വിൽപന നടത്തിയതിന്റെ പേരിൽ 2014-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(ബി) 2014 ൽ 2469കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2533 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) വിദ്യാർത്ഥികൾക്ക് കഞ്ചാവ്, മയക്കുമരുന്ന്, മറ്റ് നിരോധിത ഉൽപന്നങ്ങൾ ഇവ എത്തിച്ച് കൊടുക്കുന്നവരെ കണ്ടെത്തുന്നതിനും അമർച്ച ചെയ്യുന്നതിനായി പ്രത്യേക സ്ക്വാഡിനെ നിയമിക്കുമോ?

(സി) സ്കൂൾ/കോളേജ് പരിസരങ്ങളിൽ നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപനയും മദ്യ-മയക്കുമരുന്ന് വിൽപനയും കർശനമായി തടയുന്നതിന് നിലവിൽ ഈ പരിസരങ്ങളിൽ ലോക്കൽ പോലീസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും ഷാഡോ പോലീസും നിരീക്ഷണം നടത്തുകയും രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിലും മറ്റും റെയ്ഡുകൾ നടത്തി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

8

അനുബന്ധം

| | Police Districts | No. of Cases Reg. | No. of Accused |
|---|---|---|---|
| 1 | Thruvananthapuram City | 120 | 120 |
| 2 | Thiruvananthapuram Rural | 93 | 108 |
| 3 | Kollam City | 217 | 217 |
| 4 | Kollam Rural | 244 | 244 |
| 5 | Pathanamthitta | 308 | 315 |
| 6 | Alappuzha | 1 | 1 |
| 7 | Kottayam | 0 | 0 |
| 8 | Idukki | 170 | 172 |
| 9 | Ernakulam City | 0 | 0 |
| 10 | Ernakulam Rural | 0 | 0 |
| 11 | Trissur City | 92 | 92 |
| 12 | Trissur Rural | 308 | 317 |
| 13 | Palakkad | 429 | 435 |
| 14 | Malappuram | 4 | 5 |
| 15 | Kozhikkod City | 155 | 157 |
| 16 | Kozhikkode Rural | 0 | 0 |
| 17 | Wayanad | 0 | 0 |
| 18 | Kannur | 328 | 350 |
| 19 | Kasaragod | 0 | 0 |
| | TOTAL | 2469 | 2533 |

സെക്ഷൻ ഓഫീസർ